പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1753 | 16-10-2026-ൽ മറുപടിയ്ക്ക്

**<u>സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് അടിയന്തര സംരക്ഷണം നൽകുന്നതിനുമായി വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കിവരുന്ന നിർഭയ, അപരാജിത, മിത്ര 181 ഹെൽപ്പ് ലൈൻ തുടങ്ങിയ പദ്ധതികളുടെ നിലവിലെ പ്രവർത്തന രീതി വ്യക്തമാക്കുമോ;

**<u>മറുപടി:</u>** (എ) കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും അതിജീവിതർക്ക് സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനുമായി വനിതാ-ശിശു വികസന വകുപ്പിന്റെ നിർഭയ പദ്ധതിയിൽ പോലീസ്, സാമൂഹികനീതി, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകൾ സംയുക്തമായി പ്രവർത്തിക്കുന്നു. പദ്ധതിയുടെ ഭാഗമായി പോലീസ് സ്റ്റേഷൻ തലത്തിൽ നിയമിതരായതും നിയമം, പ്രഥമശുശ്രൂഷ, സ്വയംപ്രതിരോധം എന്നിവയിൽ പരിശീലനം നേടിയതുമായ നിർഭയ വോളണ്ടിയർമാർ സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സഹായം ലഭ്യമാക്കുക, ബോധവൽക്കരണം നടത്തുക, പരാതി നൽകുന്നതിനുള്ള ഔദ്യോഗിക മാർഗങ്ങൾ പരിചയപ്പെടുത്തുക, സുരക്ഷാ നിർദേശങ്ങൾ നൽകുക എന്നിവയ്ക്കുപുറമേ അങ്കണവാടികൾ, കിടപ്പുരോഗികൾ, ഒറ്റയ്ക്ക് താമസിക്കുന്നവർ, മുതിർന്ന പൗരന്മാർ എന്നിവരെ സന്ദർശിച്ച് ആവശ്യമായ സഹായവും നൽകുന്നു. ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗിക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയപോളിസി മുൻതൂക്കം നൽകുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് നിർഭയ ലക്ഷ്യമിടുന്നത്.

സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ ലൈംഗിക അതിക്രമ അതിജീവിതരായ പെൺകുട്ടികളെ താമസിപ്പിക്കുന്നതിലേക്കായി വിവിധ ജില്ലകളിലായി 14 എൻടി ഹോമുകൾ പ്രവർത്തിച്ച വരുന്നു. കൂടാതെ കുട്ടികളുടെ പ്രായം, വിദ്യാഭ്യാസ അവസ്ഥ, തൊഴിൽ പരിശീലനം, ശാരീരിക മാനസിക അവസ്ഥ എന്നിവ പരിഗണിച്ചുകൊണ്ട് ശാസ്ത്രീയ പരിചരണം നൽകി പരിപാലിക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലയിൽ തേജോമയ ഹോം, തിരുവനന്തപുരം ജില്ലയിൽ ഇന്റഗ്രേറ്റഡ് കെയർ സെന്റർ, തൃശ്ശൂർ മോഡൽ ഹോം, എസ്.ഒ.എസ് മോഡൽ ഹോമുകൾ (തിരുവനന്തപുരം, എറണാകുളം,

പാലക്കാട്), ഹോം ഫോർ മെന്റൽ ഹെൽത്ത് (തൃശ്ശൂർ) എന്നിവയും തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഓരോ ആഫ്റ്റർ കെയർ ഹോമുകൾ വീതവും പ്രവർത്തിച്ച വരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ഐ.ഇ.സി (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ) പദ്ധതി, ധീരാ പദ്ധതി, ആശ്വാസ നിധി, സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി (കാവൽ പ്ലസ്), ലീഗൽ ഡസ്ക്, പ്രാഥമിക വിലയിരുത്തൽ പദ്ധതി, അധിക പോഷണ പദ്ധതി, വൺസ്റ്റോപ്പ് സെന്റർ എന്നീ പദ്ധതികളും നിർഭയ സെല്ലിന് കീഴിൽ നടപ്പാക്കി വരുന്നു.

അപരാജിത പദ്ധതിയിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ ഓൺലൈൻ, ഓഫ്‌ലൈൻ അതിക്രമങ്ങൾ, ഗാർഹികപീഡനം, സ്ത്രീധന പീഡനം എന്നിവ റിപ്പോർട്ട് ചെയ്യുന്നതിനായി aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസവും 9497996992 എന്ന മൊബൈൽ നമ്പറും നൽകിയിട്ടുണ്ട്. ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നു.

24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പായ 181 വനിതാ ഹെൽപ്പ്‌ലൈൻ സ്ത്രീകൾക്ക് അടിയന്തര സഹായം, വിവരങ്ങൾ, മാർഗനിർദേശം എന്നിവ നൽകുന്ന സേവനമാണ്. വനിതാ-ശിശു വികസന വകുപ്പ് നിരീക്ഷിക്കുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന മിത്ര 181 -ൽ ലഭിക്കുന്ന പരാതികളിൽ ആവശ്യമായ അടിയന്തര പോലീസ് സഹായം ഉറപ്പാക്കുന്നതിനായി, 112,1098 എന്നീ ഹെൽപ്പ് ലൈൻ നമ്പറുകളിലേക്കും പരാതിക്കാർ നല്കുന്ന വോയിസ് മെസേജ് ഉൾപ്പെടെ അയച്ചു കൊടുത്തു ആവശ്യമായ പോലീസ് സഹായം ഉടനടി നല്കുന്നു. 100% കേന്ദ്ര ഫണ്ട് വിനിയോഗിച്ചു നടപ്പാക്കുന്നതാണ് ടി പദ്ധതി. സ്ത്രീകൾ നേരിടുന്ന ഗാർഹിക പീഡനം, ഉപദ്രവം, ഭീഷണി, മറ്റ് പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച കോളുകൾ കോൾ ടേക്കർമാർ സ്വീകരിക്കുകയും പ്രശ്നത്തിന്റെ ഗൗരവം വിലയിരുത്തി ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. തുടർന്ന് കേസുകളുടെ പുരോഗതി നിരീക്ഷിക്കുകയും ഫോളോ-അപ്പ് നടത്തുകയും സ്വീകരിച്ച നടപടികൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. 181 വനിതാ ഹെൽപ്പ് ലൈൻ പോലീസിന്റെ ERS സംവിധാനമായ 112 നോടും ചൈൽഡ് ഹെൽപ്പ് ലൈനായ 1098 നോടും വൺ സ്റ്റോപ്പ് സെന്ററിനോടും ചേർന്നാണ് പ്രവർത്തിക്കുന്നത്.

**(ബി)** അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താൽക്കാലിക അഭയവും കൗൺസിലിംഗും നിയമസഹായവും ഉറപ്പാക്കുന്ന വൺ സ്റ്റോപ്പ് സെന്ററുകൾ(സഖി), ഷെൽട്ടർ ഹോമുകൾ എന്നിവ ഓരോ ജില്ലയിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** (ബി) വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയസെൽ മുഖേന അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താത്ക്കാലിക അഭയവും കൗൺസിലിംഗും നിയമസഹായവും ഉറപ്പാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വൺസ്റ്റോപ്പ് സെന്ററുകൾ (സഖി) കേരളത്തിൽ 14 ജില്ലകളിലും ഒരു വൺസ്റ്റോപ്പ് സെന്റർ (ഒ.എസ്.സി.) വീതം 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള ലൈംഗിക/ഗാർഹിക പീഡന/സ്ത്രീധന പീഡന /പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും തരത്തിലുള്ള ശാരീരിക-മാനസിക പീഡനങ്ങളാലോ വൺസ്റ്റോപ്പ് സെന്ററുകളിൽ എത്തിച്ചേരുന്ന അതിജീവിതർക്ക് അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനുകൾ വഴി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനും നിയമാനുസൃതമായ മറ്റേതെങ്കിലും വകുപ്പുകൾ മുഖാന്തിരമോ ലഭ്യമാക്കേണ്ട എല്ലാ നിയമസഹായവും സംരക്ഷണവും ലഭ്യമാക്കുന്നതിനായി കേരള സർക്കാർ പോലീസ് വകുപ്പിന്റെ സർക്കുലർ പ്രകാരം ജില്ലകളെ പ്രതിനിധാനം ചെയ്ത് പരിശീലനം സിദ്ധിച്ച 3 പോലീസ് ഫെസിലിറ്റേഷൻ ഓഫീസർമാരെ

നിയമിക്കുന്നതിന് ഉത്തരവായിട്ടുള്ളതും അതിൻ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ഒഴികെയുള്ള ജില്ലകളിൽ പോലീസ് ഫെസിലിറ്റേഷൻ ഓഫീസർമാർ സേവനം അനുഷ്ഠിച്ചും വരുന്നുണ്ട്.

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 14 ഷെൽട്ടർ ഹോമുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

**(സി)** നിർദ്ധനരായ സ്ത്രീകൾ, ഒറ്റപ്പെട്ടുപോയവർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, പോഷകാഹാരക്കുറവുള്ള കുട്ടികൾ എന്നിവരുടെ പുനരധിവാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി നിലവിലുള്ള ധനസഹായ പദ്ധതികൾ ഏതൊക്കെയാണെന്നും, അവയുടെ ഗുണഭോക്താക്കളുടെ വിവരങ്ങളും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** (സി) ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിതാ- ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാന മന്ത്രി മാതൃ വന്ദന യോജന (PMMVY). കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ പൊതുമേഖലാ ജീവനക്കാർ എന്നിവർ ഒഴികെ നിയമം അനുശാസിക്കുന്ന മറ്റു പ്രസവാനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത എട്ടു ലക്ഷത്തിനു താഴെ വാർഷിക വരുമാനമുള്ള എല്ലാ സ്ത്രീകൾക്കും അവരുടെ പ്രസവത്തിനു ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. 2017 ജനുവരി ഒന്ന് മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ആദ്യ പ്രസവത്തിനു 5,000/- രൂപയും, രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ 6,000/- രൂപയും ധനസഹായം ഗുണഭോക്താക്കളുടെ ആധാർ സീഡ് ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുന്നു. മേൽ ആനുകൂല്യത്തിന് അർഹരായവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾ
- ഭാഗികമായി (40%) അല്ലെങ്കിൽ പൂർണ്ണമായും അംഗവൈകല്യമുള്ള സ്ത്രീകൾ
- ബിപിഎൽ റേഷൻ കാർഡ് കൈവശമുള്ള സ്ത്രീകൾ
- ആയുഷ്മാൻ ഭാരതിന് കീഴിലുള്ള പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (പിഎംജെഎവൈ) പ്രകാരം വനിതാ ഗുണഭോക്താക്കൾ.
- ഇ-ശ്രാം കാർഡ് കൈവശമുള്ള സ്ത്രീകൾ
- കിഷൻ സമ്മാൻനിധി പ്രകാരം ഗുണഭോക്താക്കളായ വനിതാ കർഷകർ,
- എംജിഎൻആർഇജിഎ ജോബ് കാർഡ് കൈകവശമുള്ള സ്ത്രീകൾ.
- വാർഷിക കുടുംബ വരുമാനം 8 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ ഗർഭിണികളും മുലയൂട്ടുന്നവരുമായ അംഗപരിമിതർ/ അംഗപരിമിതർ/ ആശാ പ്രവർത്തകർ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും വിഭാഗം.

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന "അഭയകിരണം' പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന 50 വയസ്സിന്മേൽ പ്രായമുള്ള വിധവകളെ

സംരക്ഷിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000/- രൂപ വീതം അനുവദിക്കുന്നു. 2025-26 വർഷം മുതൽ പ്രായഭേദമെന്യേ അശരണരായ സ്ത്രീകളെ സംരക്ഷിക്കുന്ന വ്യക്തിയെക്കൂടി അഭയകിരണം പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനുകളോ, വനിതാ- ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ ലഭിക്കുന്നവരായിരിക്കരുത് എന്ന പദ്ധതി മാനദണ്ഡം ഒഴിവാക്കി മാനദണ്ഡങ്ങൾ പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വനിതാ- ശിശു വികസന വകുപ്പ് രൂപീകരിച്ചത് മുതൽ നാളിതുവരെ അഭയകിരണം പദ്ധതി പ്രകാരം 5191 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയ സ്ത്രീകൾ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതി 2008 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. വിവാഹ ബന്ധം വേർപെടുത്തിയതു സംബന്ധിച്ച കോടതി ഉത്തരവിനോടൊപ്പം മഹല്ല് കമ്മിറ്റി നൽകുന്ന സർട്ടിഫിക്കറ്റും ടി പദ്ധതിയിലേക്ക് പരിഗണിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വനിതാ- ശിശു വികസന വകുപ്പ് രൂപീകരിച്ചത് മുതൽ നാളിതുവരെ മംഗല്യ പദ്ധതി പ്രകാരം 1480 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ വിധവകളായ സ്ത്രീകൾക്ക് നിലവിൽ വിധവാ പെൻഷൻ മാത്രമാണ് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/-രൂപ അനുവദിക്കുന്ന 'സഹായഹസ്തം' എന്ന പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ 10 പേർക്കാണ് സഹായം അനുവദിക്കുന്നത്. വനിതാ- ശിശു വികസന വകുപ്പ് രൂപീകരിച്ചത് മുതൽ നാളിതുവരെ 1092 ഗുണഭോക്താക്കൾക്ക് സഹായഹസ്തം പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

**(ഡി)** കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും ലഹരി ഉപയോഗവും തടയുന്നതിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പ്രത്യേക ബോധവൽക്കരണ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** (ഡി)വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖേന കുട്ടികളുടെ മാനസികാരോഗ്യം, പെരുമാറ്റപരവും വൈകാരികവും പഠനപരവുമായ പ്രശ്നങ്ങൾ, സാമൂഹിക വെല്ലുവിളികൾ എന്നിവ പരിഹരിക്കുന്നതിനും ലഹരി ഉപയോഗം, ആക്രമണപ്രവണത, ആത്മഹത്യാശ്രമങ്ങൾ, റാഗിങ്, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയ പ്രതിരോധിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

<u>ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകൾ (DRC)</u>:

വിവിധ തരത്തിലുള്ള മാനസിക-വൈകാരിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതും വിദഗ്ധ പരിചരണം ആവശ്യമായതുമായ കുട്ടികൾക്ക് ആവശ്യാനുസൃതമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് കീഴിൽ ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു. പരിശീലനം ലഭിച്ച കൗൺസിലർമാർ, സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ ഉൾപ്പെടെയുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കി കുട്ടികൾക്ക് ആവശ്യമായ വിലയിരുത്തൽ, കൗൺസിലിങ്, വിദഗ്ധ പരിചരണത്തിലേക്കുള്ള റഫറൽ, തുടർപിന്തുണ എന്നിവ ഉറപ്പാക്കുന്നു.

<u>പാരന്റിംഗ് ക്ലിനിക്കുകൾ:</u>

കുട്ടികൾ നേരിടുന്ന പെരുമാറ്റപരവും വൈകാരികവും സാമൂഹികവുമായ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും കുട്ടികളുടെ വളർച്ചയിൽ രക്ഷിതാക്കളുടെ പങ്ക് ശക്തിപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ കോർപ്പറേഷനുകളിലും ബ്ലോക്ക് തലത്തിലും പാരന്റിംഗ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഉത്തരവാദിത്വമുള്ള രക്ഷാകർതൃത്വം സംബന്ധിച്ച മാർഗനിർദേശങ്ങൾ, രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിങ്, വിദഗ്ധ പരിചരണത്തിനായുള്ള റഫറൽ എന്നിവയിലൂടെ കുടുംബതലത്തിൽത്തന്നെ പ്രശ്നങ്ങൾ പരിഹരിക്കാനും ഗുരുതരമായ സാഹചര്യങ്ങൾ പ്രതിരോധിക്കാനും പദ്ധതി സഹായിക്കുന്നു.

<u>കാവൽ, കാവൽ പ്ലസ് പദ്ധതികൾ:</u>

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസം, വിദ്യാഭ്യാസം, സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് കാവൽ. കൂടാതെ സമൂഹത്തിൽ കൂടുതൽ ദുർബലാവസ്ഥയിലുള്ളതും പ്രത്യേക പിന്തുണ ആവശ്യമുള്ളതുമായ കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസം ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് കാവൽ പ്ലസ്. പ്രസ്തുത പദ്ധതികളിലൂടെ കുട്ടികൾക്ക് വ്യക്തിഗതവും കുടുംബപരവും സാമൂഹികവുമായ സാഹചര്യങ്ങൾ പരിഗണിച്ച് ബയോ-സൈക്കോ-സോഷ്യൽ പിന്തുണ നൽകുന്നു. കുട്ടികളെ അപകടകരമായ പെരുമാറ്റങ്ങളിൽനിന്ന് പിന്തിരിപ്പിക്കുക, കുടുംബ-സാമൂഹിക പിന്തുണ ശക്തിപ്പെടുത്തുക, ആവശ്യമായ സേവനങ്ങളുമായി ബന്ധിപ്പിക്കുക, പുനരധിവാസം ഉറപ്പാക്കുക എന്നിവയാണ് പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങൾ.

<u>സൈക്കോസോഷ്യൽ സർവീസ് പദ്ധതി :</u>

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ വനിത ശിശുവികസന വകുപ്പ് വഴി സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ സർവീസ് പദ്ധതി. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങളും ലഹരി ഉപയോഗവും തടയുന്നതിനായും ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്തുക, മാനസിക-ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക, അതിക്രമങ്ങളെ കുറിച്ച് ബോധവതികളാക്കുക, സ്വയംരക്ഷ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനമൊട്ടാകെ പഞ്ചായത്ത് തലത്തിൽ പോലീസ് സെൽഫ് ഡിഫൻസ് ട്രെയിനർമാരെ കൊണ്ട് തെരഞ്ഞെടുക്കുന്ന സ്കൂളുകളിൽ ആയോധന കലകൾ അഭ്യസിപ്പിക്കുന്ന ധീര പദ്ധതി വനിതാ-ശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയസെൽ മുഖേന നടത്തിവരുന്നു.

<u>ഔവർ റെസ്പോൺസിബിലിറ്റി ടൂ ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതി:</u>

കുട്ടികൾ അനുഭവിക്കുന്ന സ്വഭാവപരവും പഠനപരവും വൈകാരികവും മാനസികാരോഗ്യപരവും സാമൂഹികവുമായ വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദഗ്ധർ, പൊതുസമൂഹം എന്നിവരുടെ കൂട്ടായ്മയിൽ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിനും കുട്ടികളുടെ ജീവിതനൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമായി നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.).

ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാത്ത സാഹചര്യങ്ങളിലേക്ക് എത്തുന്നതിനുമുമ്പ് ആവശ്യമായ പ്രതിരോധ ഇടപെടലുകൾ നടത്തുക എന്ന ലക്ഷ്യത്തോടെ ബാലനീതി നിയമത്തിന്റെ ചട്ടക്കൂടിനുള്ളിൽ പദ്ധതി പ്രവർത്തിക്കുന്നു. ആദ്യഘട്ടത്തിൽ 90 സ്കൂളുകളിൽ ആരംഭിച്ച പദ്ധതി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നിലവിൽ 1227 സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്.

കുട്ടികളിലെ പ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും അധ്യാപകർക്കും രക്ഷിതാക്കൾക്കും പരിശീലനം നൽകുന്നു. സൈബർ സുരക്ഷ, മാനസികാരോഗ്യം, ലഹരി വിരുദ്ധ ബോധവൽക്കരണം, ആത്മഹത്യാ പ്രതിരോധം, ജീവിതനൈപുണി വികസനം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും വിദഗ്ധരുടെ നേതൃത്വത്തിൽ ബോധവൽക്കരണവും പിന്തുണയും നൽകിവരുന്നു. പദ്ധതിയുടെ ഭാഗമായി കണ്ടെത്തുന്ന കുട്ടികൾക്കായി SMART-40 എന്ന പ്രത്യേക മൊഡ്യൂളിലൂടെ ജീവിതനൈപുണി പരിശീലനവും ആവശ്യമായ തുടർപിന്തുണയും നൽകുന്നു.

ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 1012 സ്കൂൾ കൗൺസിലർമാർ സേവനമനുഷ്ഠിച്ചു വരുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യ, പഠന നിലവാരം മുൻനിർത്തിക്കൊണ്ടുള്ള കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്. അതോടൊപ്പം തന്നെ അവശ്യഘട്ടങ്ങളിൽ കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുന്നതിന് രക്ഷകർത്താക്കളെ പ്രാപ്തരാക്കുന്നതിന് പാരന്റിംഗ് പരിശീലനത്തിലൂടെ കൗൺസിലർമാരുടെ സഹായം ലഭ്യമാക്കുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ മുതലായവ കേന്ദ്രീകരിച്ച് വ്യക്തിഗത/ഗ്രൂപ്പ് കൗൺസലിംഗ്, നിയമ പരിരക്ഷ സംബന്ധിച്ച ബോധവത്ക്കരണം എന്നിവ കൗൺസിലർമാർ ഈ പദ്ധതി വഴി നൽകി വരുന്നു.

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം, ലൈംഗിക അതിക്രമങ്ങൾ എന്നിവ തടയുന്നതിനായി അവർക്കാവശ്യമായ മാനസിക പിന്തുണ, നിയമസഹായം എന്നിവ ബന്ധപ്പെട്ട സ്കൂൾ കൗൺസിലർമാർ ഉറപ്പുവരുത്തുന്നു.

സങ്കൽപ്: ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതിയുടെ ഔട്ട്റീച് പരിപാടികളിൽ ഉൾപ്പെടുത്തി, കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ, കുടുംബബന്ധങ്ങളിലെ തകരാറുകൾ, ഏകാന്തത, അമിതമായ ഡിജിറ്റൽ ഉപയോഗം, പഠന-പരീക്ഷാ സമ്മർദം തുടങ്ങിയ വെല്ലുവിളികൾ പരിഗണിച്ച് പ്രതിരോധ ഇടപെടലുകൾ, ബോധവൽക്കരണം, കൗൺസിലിങ്, വിദഗ്ധ പരിചരണം, പുനരധിവാസം എന്നിവ ഏകോപിതമായി നടപ്പിലാക്കുന്നതിന് വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ലഹരിവസ്തുക്കളുടെ ഉപയോഗം, വിൽപ്പന, വിതരണം, ജുവനൈൽ കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുമായി സ്കൂൾ/കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ പോലീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതിയിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ പരാജയപ്പെട്ടതിനെത്തുടർന്ന് പഠനം ഉപേക്ഷിച്ച വിദ്യാർഥികളെ കണ്ടെത്തി അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കാൻ അക്കാദമികവും മാനസിക-സാമൂഹികവുമായ പിന്തുണ നൽകുകയും അതുവഴി കുട്ടികളെ സാമൂഹിക ഒറ്റപ്പെടലിൽനിന്നു ലഹരിയുപയോഗത്തിലേക്കുള്ള വഴുതി വീഴുന്നതിൽ നിന്നും സംരക്ഷിക്കുന്നതിലേയ്ക്കായി ഹോപ്പ് (HOPE) പദ്ധതി പോലീസ് മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പോലീസ് സബ് ഡിവിഷനുകളിലെ ഫാമിലി ആൻഡ് വുമൺ കൗൺസിലിംഗ് സെന്ററുകളിലെ കൗൺസിലർമാരുടെയും 14 റവന്യൂ ജില്ലകളിലെ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകളിലെ സൈക്കോളജിസ്റ്റുമാരുടെയും കൗൺസിലിംഗ് സേവനങ്ങൾ ലഹരിക്ക് അടിമപ്പെട്ട കുട്ടികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും പോക്സോ കേസുകളിലെ അതിജീവിതരായ കുട്ടികൾക്കും ലഭ്യമാക്കി വരുന്നു. സ്കൂളുകൾ, കോളേജുകൾ പൊതുവേദികൾ എന്നിവിടങ്ങളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, സ്ത്രീ-ശിശു സുരക്ഷ, റോഡ് സുരക്ഷ, വയോജന സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ജനമൈത്രി ഡ്രാമാ-ഓർക്കസ്ട്ര സംഘം പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്.

പോലീസ്, വിദ്യാഭ്യാസം, ആരോഗ്യം, എന്നീ വകുപ്പുകളുടെ സംയുക്തമായി സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും, ലഹരി വസ്തുക്കളുടെ വ്യാപനത്തെ തടയുന്നതിനുമായി Operation Thoofan എന്ന പദ്ധതിയും പോലീസ് വകുപ്പ് രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**